# കേരളസർവകലാശാല

നം.പി.ആർ.66/2021

# പത്രക്കുറിപ്പ്

## ടൈംടേബിൾ

കേരളസർവകലാശാല 2021 മാർച്ച് 29 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി.എഡ്. സ്പെഷ്യൽ എഡ്യൂക്കേഷൻ (ഐ.ഡി.) (2015 സ്കീം – റെഗുലർ ആന്റ് സപ്ലിമെന്ററി) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ ഏഴാം സെമസ്റ്റർ (സെപ്റ്റംബർ 2020) 2008 സ്കീം ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻസ് എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ "ഇൻഡസ്ട്രിയൽ ഇലക്ട്രോണിക്സ് ലാബ്", "കമ്മ്യൂണിക്കേഷൻ സിസ്റ്റം ലാബ്" എന്നീ പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് 23 ന് പാപ്പനംകോട് എസ്.സി.ടി. കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ ഏഴാം സെമസ്റ്റർ (സെപ്റ്റംബർ 2020) 2013 സ്കീം ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻസ് എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ "മൈക്രോവേവ് ആന്റ് ഒപ്റ്റിക്കൽ കമ്മ്യൂണിക്കേഷൻ ലാബ്" പ്രാക്ടിക്കൽ പരീക്ഷ മാർച്ച് 25 ന് തിരുവനന്തപുരം മാർ ബസേലിയസ് കോളേജ് ഓഫ് എഞ്ചിനിയറിംഗ് ആന്റ് ടെക്നോളജിയിൽ വച്ചും "മോഡലിംഗ് ആന്റ് സിമുലേഷൻ ഓഫ് കമ്മ്യൂണിക്കേഷൻ സിസ്റ്റം" പ്രാക്ടിക്കൽ പരീക്ഷ മാർച്ച് 25 ന് കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ചും നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല മാർച്ച് 18 മുതൽ ആരംഭിച്ച നാലാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എസ്.സി. സ്പെഷ്യൽ പരീക്ഷയുടെ ഭാഗമായിട്ടുള്ള കെമിസ്ട്രി, സ്റ്റാറ്റിസ്റ്റിക്സ് എന്നീ വിഷയങ്ങളുടെ പ്രാക്ടിക്കൽ യഥാക്രമം മാർച്ച് 29, ഏപ്രിൽ 12 തീയതികളിൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## എൽ.ഇ.ഡി. ബൾബ് നിർമ്മാണ പരിശീലനം

കേരളസർവകലാശാല ഒപ്റ്റോഇലക്ട്രോണിക്സ് വിഭാഗത്തിന്റെ തൊഴിൽ പരിശീലന പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങൾക്ക് എൽ.ഇ.ഡി. ബൾബ് നിർമ്മാണത്തിൽ ഏകദിന പരിശീലനം മാർച്ച് 9 ന് നൽകുകയുണ്ടായി. ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ നിന്നും നിരവധി ആളുകൾ ഈ പരിശീലന ശിൽപശാലയിൽ പങ്കെടുത്ത് എൽ.ഇ.ഡി. ബൾബുകൾ നിർമ്മിച്ചു. വകുപ്പ് മേധാവി പ്രൊഫ. എസ്.ശങ്കരരാമന്റെ നേതൃത്വത്തിൽ ഗവേഷക വിദ്യാർത്ഥികളും, അദ്ധ്യാപകരും, ടെക്നീഷ്യൻമാരും പരിശീലനം നൽകി. തുടർന്നും പരിശീലനം നേടുവാൻ ആഗ്രഹിക്കുന്നവർക്ക് ഒപ്റ്റോഇലക്ട്രോണിക്സ് വകുപ്പിന്റെ വെബ്പേജിൽ നൽകിയിരിക്കുന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യാവുന്നതാണ്. ശിൽപശാലയുടെ ഔപചാരിക ഉദ്ഘാടനം സിൻഡിക്കേറ്റ് മെമ്പറായ പ്രൊഫസർ കെ.ജി.ഗോപ്ചന്ദ്രൻ നിർവ്വഹിച്ചു. പ്രസ്തുത ചടങ്ങിൽ പ്രൊഫ.സാം സോളമൻ, ലക്ചറർമാരായ ഡോ.റജി കെ ധമൻ, ജുംന മുഹമ്മദ് ഇബ്രാഹിം, അനിത എം.ജെ. എന്നിവർ പങ്കെടുത്തു.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.

22.03.2021

For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**

**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**